(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ ഡി/പി11-2026/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഫോൺ; 04952371012
ഇ-മെയിൽ;- dokkd.ksad@kerala.gov.in

തീയതി:03.03.2020

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )
കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,
വിഷയം : കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ജോയിന്റ് ഡയറക്ടർ**

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), കോഴിക്കോട്

3)കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.കെ ഡി പി11/2026/2019 തീയതി:03.03.2020

## കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിന് 6 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി .ഗീത.എം, ജോയിൻറ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.11.2019 മുതൽ 03.12.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ പി ഹരി | ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. എം രാംദാസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.അഫ്സൽ ടി എം | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കുമാരി.രമ്യ.പി.എം | 1.4.18 – 31.3.19 |
| സെക്രട്ടറി | ശ്രീ.ജയപ്രകാശൻ.വി.കെ | 1.4.18 – 31.3.19 |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. സീന അലക്സ് | 01.04.18 – 07.06.18 |
| | ശ്രീ. സാന്റോസ് | 08.06.18 - 31.03.18 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഷൈജു | 01.04.18 - 29.06.18 |

| | | |
|---|---|---|
| | ശ്രീമതി സോന എം | 30.06.18 – 31.03.18 |
| കൃഷി അസിസ്റ്റന്റ് ഡയരക്ടർ | ശ്രീമതി.മീന.ടി.ഡി | 01.04.18 - 31.03.18 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.ശ്രീലത.കെ | 01.04.18 – 18.06.18 |
| | ശ്രീ മുകേഷ് ടി എം | 19.06.18 – 31.03.19 |
| മെഡിക്കൽഓഫീസർ, ചെറുവാടി സി എച്ച് സി | ഡോ.സുഗതകുമാരി.പി.സി<br>ഡോ. മനലാൽ | 01.04.18 – 08.03.19<br>09.03.19 – 31.03.19 |
| മെഡിക്കൽഓഫീസർ, ചെറൂപ്പ | ഡോ.ബിന്ദു.വി<br>ഡോ. ബിൽസു വിജയൻ | 01.04.18 – 10.05.18<br>11.05.18 – 31.03.19 |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.ടി.ഗീത | 01.04.18–31.03.19 |
| വ്യവസായ വികസന ഓഫീസർ | ശ്രീ.അഹമദ് നയീം | 01.04.18 – 31.03.19 |
| ക്ഷീര വികസന ഓഫീസർ | ശ്രീ.സനിൽകുമാർ.പി | 01.04.18 – 31.03.19 |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 8 | വാർഷിക കണക്കിലെ അപാകതകൾ | 1-8 |
| 9 | ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ്- മുറികളുടെ ലേലം തുടർ നടപടികൾ സ്വീകരിച്ചില്ല | 1-9 |
| 10 | ഒഴിവായി കിടക്കുന്ന കെട്ടിടത്തിന് നികുതി ഇളവു ചെയ്തു കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചില്ല | 1-10 |
| 11 | വ്യവസായ എസ്റ്റേറ്റ് സ്ഥലം ഏറ്റെടുത്ത് 20 വർഷമായിട്ടും -ലക്ഷ്യം കൈവരിച്ചില്ല | 1-11 |
| 12 | ഗവ.മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റ്, ചെറൂപ്പയിൽ | 1-12 |

| | | |
|---|---|---|
| | മെയ്ന്റനൻസ്ഗ്രാന്റ് വിനിയോഗം ക്രമപ്രകാരമല്ല. | |
| 13 | ബ്ളോക്ക് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ സൗണ്ട്സിസ്റ്റം പ്രവർത്തനക്ഷമമല്ല. | 1-13 |
| 14 | പത്രപരസ്യങ്ങൾ -പരസ്യചാർജ്ജിൽ അർഹമായ ഇളവ് പ്രയോജനപ്പെടുത്തിയില്ല | 1-14 |
| 15 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി-ചെലവഴിക്കാത്ത തുക തിരിച്ചടച്ചില്ല. | 1-15 |
| 16 | സംയുക്ത പ്രൊജക്ടുകൾക്ക് തുക കൈമാറി-പൂർത്തീകരണവിവരം ലഭ്യമല്ല | 1-16 |
| 17 | കടന്നാളിൽ - കക്കിടിയിൽ തോട് സൈഡ് കെട്ടൽ സ്വകാര്യ വ്യക്തിയുടെ ഭൂമിയ്ക്ക് സംരംക്ഷണം | 1-17 |
| 18 | പുറമണ്ണിൽ പേരാംകുന്ന് കുടിവെള്ള പദ്ധതി കിണർ നിർമ്മാണം അധികം മണ്ണ് കിളച്ചതിന് തുക നൽകി. | 1-18 |
| 19 | കുടിവെള്ള/സാമൂഹ്യ ജലസേചന പദ്ധതികൾ-ഫലപ്രാപ്തി കൈവരിച്ചില്ല | 1-19 |
| 20 | വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയില്ല. | 1-20 |
| 21 | കൊടിയത്തൂർ വില്ലേജ് ഹട്ട്-പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-21 |
| | **ഭാഗം - 2**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം - 3**<br>**ചെലവ് - വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 22 | പുറമണ്ണിൽ പേരാംകുന്ന് കുടിവെള്ള പദ്ധതി കിണർ നിർമ്മാണം അധികം മണ്ണ് കിളച്ചതിന് തുക നൽകി. | 3-1 |
| 23 | പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ്-ഒഴിവായി കിടക്കുന്ന കെട്ടിടത്തിന് നികുതി ഇളവു ചെയ്തു കിട്ടുന്നതുന് നടപടികൾ സ്വീകരിച്ചില്ല | 3-2 |
| | **ഭാഗം - 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 24 | വാർഷിക ധനകാര്യപത്രിക പരിധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 26 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 27 | മൊബിലേസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 28 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 29 | സ്ഥിര നിക്ഷപം | 4-6 |
| | | |

| | | |
|---|---|---|
| 30 | ഓഡിറ്റ് റിക്കവറി | 4-7 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 32 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 35 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26-03-2018 ലെ 60/18 നമ്പർ തീരുമാന പ്രകാരം ബജറ്റ് പാസ്സാക്കി.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 25-05-19 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,29,24,999 |
| വരവ് | 9,03,85,915 |
| ആകെ | 10,33,10,914 |
| ചെലവ് | 9,28,51,670 |
| നീക്കിയിരിപ്പ് | 1,04,59,244 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 60842000 | 60842000 | 49114836 | 11727164 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | | 24596000 | 24596000 | 17140330 | 7455670 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | | 865000 | 865000 | 648566 | 216434 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 7181000 | 7181000 | 4906887 | 2274113 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ഐഎവൈ | | 7465520 | 4398901 | 11864421 | 11771246 | 93175 |
| പിഎംഎവൈ | | 239000 | 3509000 | 3748000 | 2560000 | 1188000 |
| ഐഡബ്ല്യൂഎംപി | | 61086 | 3904278 | 3965364 | 3255533 | 709831 |
| എസ്ജിഎസ്.വൈ | | | | | | |
| ടിഎസ് സി | | 891850 | 87865 | 979715 | 609872 | 369843 |
| എസ് ഇ സി സി | | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ്(*) | | 568745 | 7329761 | 7898506 | 4710312 | 3188194 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | | | | |
| | ട്രഷറി അക്കൗണ്ട് | | | | | |
| മറ്റിനം | | | | | | |
| ഷോപ്പിംഗ് കോംപ്ലക്സ് | | 15250 | 533 | 15783 | 6874 | 8909 |
| സാക്ഷരത ടിഎജി | | 10491 | 372 | 10863 | 0 | 10863 |

മേൽ കാണിച്ച വരവുകൾ വാർഷിക കണക്കുമായി വ്യത്യാസപ്പെട്ടിരിക്കുന്നത് വാർഷിക കണക്കിന്റെ അപാകതകളിൽ വിശദീകരിച്ചിട്ടുണ്ട്.

# 1-5 പദ്ധതി അവലോകനം

2018- 19 വർഷം കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച പദ്ധതി ധനസഹായത്തിന്റെയും ആയത് ചെലവഴിച്ചതിന്റെയും വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ട് | പദ്ധതി പ്രകാരം വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| 1 | വികസന ഫണ്ട് (പൊതുവിഭാഗം) | 78303093 | 49114836 | 62.72 |
| 2 | വികസന ഫണ്ട് (എസ് സി പി) | 33594220 | 17140330 | 51.02 |
| 3 | വികസന ഫണ്ട് (ടി എസ് പി) | 1465143 | 648566 | 44.27 |
| 4 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 11488104 | 4906887 | 42.71 |
| | ആകെ | 124850560 | 71810619 | 57.52 |

2018-19 വർഷത്തിൽ ബജറ്റ് പ്രകാരം വകയിരുത്തിയ തുകയുടെ വിശദാംശം താഴെ ചേർക്കുന്നു

വികസന ഫണ്ട് (പൊതുവിഭാഗം) – 60842000/- രൂപ

വികസന ഫണ്ട് (എസ് സി പി) – 24596000/-രൂപ

വികസന ഫണ്ട് (ടി എസ് പി) – 865000/-രൂപ

മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) – 7181000/-രൂപ

ബജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികമായ തുക പദ്ധതി വിഹിതമായി കാണിച്ചതിന്റെ കാരണം വ്യക്തമല്ല. വിവിധ നിർവഹണോദ്യോഗസ്ഥർ പദ്ധതി പണം ചെലവഴിച്ചതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവഹണോ | പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | നിർവഹണം ചെയ്ത പദ്ധതി | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|---|

| | ദ്യോഗസ്ഥന്റെ പേര് | | | | | |
|---|---|---|---|---|---|---|
| 1 | സി ഡി പി ഒ | 2 | 4812000 | 2 | 4796975 | 99.68 |
| 2 | സെക്രട്ടറി | 28 | 41736778 | 23 | 33450830 | 80 |
| 3 | എസ്.സി.ഡി.ഒ | 2 | 2286000 | 2 | 1963650 | 85.89 |
| 4 | എ ഡി എ | 2 | 2884000 | 2 | 738500 | 25.6 |
| 5 | ഡി ഇ ഒ | 1 | 2700000 | 1 | 2700000 | 100 |
| 6 | ഐ ഇ ഒ | 4 | 6130000 | 1 | 195000 | 3.1 |
| 7 | അസി ഏക്സി എൻജിനീയർ | 19 | 37855839 | 6 | 8496990 | 22 |
| 8 | അസി എൻജിനീയർ | 93 | 43592372 | 60 | 19468674 | 44.66 |
| | | 151 | | 97 | | |

മേൽ പദ്ധതി ചെലവ് വിവരങ്ങളിൽ വ്യവസായ വികസന ഓഫീസർ അസി. എക്സി. എഞ്ചിനീയർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ യഥാക്രമം 3.1ശതമാനം, 22 ശതമാനം തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് കാണുന്നു. ആകെ 19 പദ്ധതികളിൽ അസി.എക്സി. എഞ്ചിനീയർ 6 പദ്ധതികളാണ് നടപ്പിലാക്കിയത്. ഐ.ഇ.ഒ ആകെ നാലിൽ ഒരു പദ്ധതി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 8 ഗ്രാമപഞ്ചായത്തുകളിലായി അസി എൻജിനീയർ നടപ്പിലാക്കുന്ന മരാമത്ത് പണികളുടെ വെറ്റിങ് ഓഫീസർ എന്ന ഭാരിച്ച ചുമതല അസി.എക്സി.എൻജിനീയർക്ക് ഉണ്ടെങ്കിലും 18-19 ൽ ആകെ 19 പദ്ധതികളായിരുന്നു നിർവഹണം ചെയ്യാനുണ്ടായിരുന്നത്. ഇതിൽ 6 എണ്ണം മാത്രം നടപ്പാക്കുക വഴി (അതായത് 3,78,55,839/- രൂപയിൽ 84,96,990/- രൂപ മാത്രം) 2,93,58,849/- രൂപ ചെലവഴിക്കാൻ കഴിയാതെ വന്നു.

നാല് പദ്ധതികൾ മാത്രമുണ്ടായിരുന്ന വ്യവസായ വികസന ഓഫീസർ ഒരു പദ്ധതി മാത്രം നടപ്പാക്കുക വഴി ചെലവ് ശതമാനം 3% മായി കുറയുകയും പദ്ധതി പണം 5935000/- രൂപ ലാപ്സാവുകയും ചെയ്തു

അസി. എഞ്ചിനീയർ നടപ്പിലാക്കിലാക്കേണ്ട പദ്ധതികളിൽ ഇത്തരത്തിൽ 24123698/- രൂപയും വിനിയോഗിക്കാതെ
അവശേഷിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവു ശതമാനം ഗണ്യമായി കുറയാൻ കാരണമാകുന്നത് വകയിരുത്തിയ തുക ചെലവഴിക്കാതിരിക്കുന്നതാണ് എന്ന് കാണുന്നു.

വിവിധ കുടിവെള്ള പദ്ധതികൾക്ക് 74,53,345/- ചെലവഴിച്ചുവെങ്കിലും ആയത് ഫലപ്രാപ്തിയിലെത്താത്തത് സംബന്ധിച്ച് ഖണ്ഡിക 1-20 ആയി ചേർത്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ വിവിധ പദ്ധതികളിൽ താഴെ തട്ടിലുള്ള നിർവഹണ

എജൻസികൾക്ക് പദ്ധതി പണം കൈമാറുകയല്ലാതെ ആയതിന്റെ വിനിയോഗം നിരീക്ഷിച്ചിട്ടില്ല (ഖണ്ഡിക 1-17കാണുക)

കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുമ്പോൾ സർക്കാർ മാർഗനിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല (ഖണ്ഡിക 1-13 കാണുക)

# 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-11-2019ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ലാത്തത് ബോധ്യപ്പെട്ടു.

# 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.01.19 | 01-07-18-31-12-18 | റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.1.15 | 2009-10 to 2013-14 | LBA(HQ)VI/8A/ 2268/157 Dt.23.4.15 |

# 1-8 വാർഷിക കണക്കുകളിലെ അപാകതകൾ

**<u>ന്യൂനതകളുടെ സംഗ്രഹം</u>**

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ സ്ഥാപനത്തിൽ സൂക്ഷിച്ച രജിസ്റ്ററുകളും മറ്റ് രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. വാർഷിക ധനകാര്യ പത്രികയിലെ ഡെപ്പോസിറ്റിന്റെ വരവ്, ചെലവ് (RP-34) ബാലൻസ് (B-7) എന്നീ തുകകൾ ഡൊപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകയുമായി പൊരുത്തപ്പെടുന്നില്ല.

2. വാർഷിക കണക്കുകൾ പ്രകാരം തൻവർഷം അഡ്വാൻസ് ഇനത്തിൽ 2306298 രൂപ (RP-47) ചെലവഴിച്ചിട്ടുണ്ട്. ബാലൻസ് ഷീറ്റിൽ (B-8)2179630 രൂപ നീക്കിയിരിപ്പുണ്ട്. അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞില്ല.

3. ബ്ലോക്ക് പഞ്ചായത്ത് SBT General എന്നൊരു അക്കൗണ്ട് (നം 57012757771) സൂക്ഷിച്ചുവരുന്നുണ്ട്. മുന്നിരിപ്പായി ഈ അക്കൗണ്ടിൽ 6026478 രൂപയുണ്ട്. തൻവർഷം ഈ അക്കൗണ്ടിൽ നിന്നും വിവിധ ഇനങ്ങളിലായി 2563574 രൂപ ചെലവഴിച്ചിരിക്കുന്നു. ഏതൊക്കെ ഇനങ്ങളിലുള്ള തുകകളാണ് ഇതിലുൾപ്പെട്ടതെന്നും എന്ത് ആവശ്യത്തിനാണ് ഈ അക്കൗണ്ട് ആരംഭിച്ചതെന്നും വ്യക്തമല്ല.

4. ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ (P.N.B.A/c:44179) മലയോര വികസനത്തിന്

HADAയ്ക്ക് അനുവദിച്ച തുകയും ഉൾപ്പെടുന്നുണ്ട് .A.C.R സൂക്ഷിക്കാത്തത് കാരണംതനത് ഫണ്ടിൽ ഉൾപ്പെട്ട മറ്റ് ഫണ്ടുകളുടെയോ, HADAയ്ക്ക് അനുവദിച്ച തുകയുടെ വിവരങ്ങളോ ലഭ്യമല്ല.

5. വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കാലികമാക്കുകയോ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുകയോ ചെയ്തില്ല. ആയതിനാൽ വരവിനങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

6. വാർഷിക കണക്കുകൾ പ്രകാരം വികസന ഫണ്ട് -ജനറൽ 48114836(RP-7) വരവുണ്ട്. എന്നാൽ A.C.R പ്രകാരം ഇത് 49114836 രൂപയാണ്. 10ലക്ഷം രൂപയുടെ വ്യത്യാസം കാണുന്നു.

7. തൻവർഷ കുടിശ്ശിക തുകയ്ക്ക് ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

# 1-9 ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ്- മുറികളുടെ ലേലം തുടർ നടപടികൾ സ്വീകരിച്ചില്ല

**എ)**

ഫയൽ നം ബി 2154/12

എ)ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും നിർമാണം പൂർത്തിയായതുമായ ഷോപ്പിങ് കോംപ്ലക്സിന്റെ നിർമാണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) No 14691/2018 തിയതി 30/01/2019 ഉത്തരവു പ്രകാരം ഷോപ്പിങ് കോംപ്ലക്സിലെ മുറികൾ ലേലം ചെയ്യുന്നതിന് നിലവിലുണ്ടായിരുന്ന സ്റ്റേ, നീക്കിയിരുന്നു. 21/02/2019 ന് ചേർന്ന ഭരണ സമിതിയിൽ പുതിയ ലേലം നടപടികളെ കുറിച്ച് ആലോചിക്കുന്നതിന്ന് ശ്രീ കെ.പി.അബ്ദുറഹിമാൻ അദ്ധ്യക്ഷനായ 8 അംഗ കമ്മറ്റി രൂപീകരിച്ചു. ഈ കമ്മറ്റി രൂപീകരിച്ച് 7 മാസത്തിന് ശേഷം 24/09/2019 നാണ് യോഗം

ചേർന്നത്, ഇതിന്റെ അടിസ്ഥാനത്തിൽ മുറി വാടക പൊതുമരാമത്ത്(കെട്ടിടം) നിരക്കിൽ നിശ്ചയിക്കുന്നതിന് അസി.എക്സി.എഞ്ചിനീയർക്ക് (LSGD) 08-11-2019 നാണ് കത്ത് നൽകിയിട്ടുള്ളത്. കോടതി വിധി വന്നതിനു ശേഷവും മുറികൾ ലേലം ചെയ്തു നൽകുന്നതിൽ വലിയ കാലതാമസം വരുത്തിയതിനാൽ വൻ വരുമാന നഷ്ടം ബ്ലോക്ക് പഞ്ചായത്തിന് സംഭവിച്ചിട്ടുണ്ട്. ഇങ്ങനെ കാലതാമസം സംഭവിക്കാനുള്ള കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.2/2.12.2018) മറുപടി നൽകിയില്ല. ഷോപ്പിങ് കോംപ്ലക്സിന്റെ ലേല നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്

# 1-10 ഒഴിവായി കിടക്കുന്ന കെട്ടിടത്തിന് നികുതി ഇളവു ചെയ്തു കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്) ചട്ടങ്ങൾ ചട്ടം 21(1) പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധ വർഷത്തിൽ 60 ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേക്ക് തുടർച്ചയായി ഒരാവശ്യത്തിനും ഉപയോഗിക്കപ്പെടാതെ ഒഴിഞ്ഞു കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസത്തിന് ആനുപാതികമായി വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് ഇളവ് ചെയ്തു കൊടുക്കാവുന്നതാണ്,

ചട്ടം 21(2) പ്രകാരം കെട്ടിടമുടമയോ ആയാളുടെ ഏജന്റോ കെട്ടിടം ഒഴിഞ്ഞു കിടക്കുകയാണെന്ന നോട്ടീസ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കൊടുത്തിട്ടില്ലായെങ്കിൽ നികുതി ഇളവു ചെയ്തു നൽകാൻ പാടുള്ളതല്ല. നിലവിൽ പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സിന്റെ മുറികളെല്ലാം ലേലം ചെയ്യപ്പെടാതെ ഒഴിഞ്ഞു കിടക്കുകയായിരുന്നിട്ടും നിയമ പ്രകാരം ലഭിക്കേണ്ട നികുതിയിളവിന് അപേക്ഷ നൽകിയിട്ടില്ല.

29-03-2018 ന് കുന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെട്ടിട മുറികളുടെ വസ്തു നികുതി താഴെ പറയും പ്രകാരം ഡിമാന്റ് ചെയ്തു.

| തറ നില | | | | ഒന്നാം നില | | | |
|---|---|---|---|---|---|---|---|
| | കെട്ടിട നം. | കെട്ടിട നികുതി | ഡിമാന്റ് നോട്ടീസ് നം | | കെട്ടിട നം | കെട്ടിട നികുതി | ഡിമാന്റ് നോട്ടീസ് നം. |
| 1 | 14/1233A | 1141 | 662/2.03.18 | 8 | 4/1233 H | 1084 | 669/29/03/18 |
| 2 | 14/1233 B | 1141 | 663/29.03.18 | 9 | 4/1233 J | 1084 | 670/29/03/18 |
| 3 | 14/1233 | 1141 | 664/29.03.18 | 10 | 4/1233 L | 1084 | 671/29/03/18 |

| | | | | | | | |
|---|---|---|---|---|---|---|---|
| | C | | | | | | |
| 4 | 14/1233D | 1141 | 665/29/03/18 | 11 | 4/1233M | 1084 | 672/29/03/18 |
| 5 | 14/1233 E | 1141 | 666/29.03.18 | 12 | 4/1233 N | 1084 | 673/29/03/18 |
| 6 | 14/1233 F | 1141 | 667/29.03.18 | 13 | 4/1233 P | 1084 | 674/29/03/18 |
| 7 | 14/1233G | 1141 | 668/29.03.18 | 14 | 4/1233 Q | 1084 | 675/29/03/18 |
| | | 7987 | | | | 7588 | |
| ആകെ | | | | **15575+112 =15687 (14 x 8 demand notice fees)** | | | വൗച്ചർ നം. 06/2018-19/ 21-04-2018 |

23/04/2018 ന് ഗ്രാമപഞ്ചായത്തിൽ മേൽ തുക അടവാക്കിയെങ്കിലും നിയമ പ്രകാരം ലഭിക്കേണ്ട നികുതിയിളവിന് അപേക്ഷ നൽകാത്തതിനാൽ 7787/- ബ്ലോക്ക് പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 7787/-രൂപ നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരിച്ച് പിടിച്ച് പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-11 വ്യവസായ എസ്റ്റേറ്റ് സ്ഥലം ഏറ്റെടുത്ത് 20 വർഷമായിട്ടും -ലക്ഷ്യം കൈവരിച്ചില്ല

കോടഞ്ചേരി പഞ്ചായത്തിലെ വലിയകൊല്ലി എന്ന സ്ഥലത്ത് 1997-98 വർഷത്തെ പദ്ധതിയിൽ നിന്നും പണം ചെലവഴിച്ച് വ്യാവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഒരു ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. എന്നാൽ നാളിത് വരെയും പദ്ധതി യാഥാർത്ഥ്യമായിട്ടില്ല. വ്യാവസായ എസ്റ്റേറ്റിനായി ഇതു വരെ ചെലവഴിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | വർഷം | തുക | റിമാർക്സ് |
|---|---|---|---|
| 1 | 97-98 | 465185 | സ്ഥലം വാങ്ങൽ |
| 2 | 98-99 | 301373 | അടിസ്ഥാന സൗകര്യം ഒരുക്കൽ (വിശദാംശം ഫയലിൽ ലഭ്യമല്ല) |
| 3 | 14-15 | 700000 | ചുറ്റു മതിൽ കെട്ടുന്നതിന് |
| ആകെ | | 1466558 | |

14 ലക്ഷം രൂപയിലധികം തുക ഇതിനു വേണ്ടി ചെലവഴിച്ചുവെങ്കിലും, ഈ സ്ഥലം ഏറ്റെടുത്ത് 20 വർഷം കഴിഞ്ഞിട്ടും വ്യാവസായിക എസ്റ്റേറ്റിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി

(വൈദ്യുതി (ട്രാൻസ്ഫോർമർ ഉൾപ്പെടെ), റോഡ്, വെള്ളം) ഭൂമി വ്യവസായ സംരഭകർക്ക് നൽകിയിട്ടില്ല.

വ്യവസായ സംരഭകർക്ക് ഹയർ പർച്ചേയ്സ് ആയോ, പാട്ട വ്യവസ്ഥയിലോ പ്ലോട്ടുകൾ നൽകുന്നതിനു വേണ്ടി 2014 ൽ ബൈലോ തയാറാക്കിയെങ്കിലും ഇതിന് സർക്കാർ അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. 2014-15 ന് ശേഷം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനായി പ്രൊജക്റ്റുകളൊന്നും വിഭാവനം ചെയ്തിട്ടില്ല. ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് ഈ സ്ഥലത്തിന്റെ ഭൂനികുതി അടവാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (14/03-12-19)മറുപടി നൽകിയിട്ടില്ല.

വ്യവസായ എസ്റ്റേറ്റിൽ അടിസ്ഥാന സൗകര്യങ്ങൾ എർപ്പെടുത്തുന്നതിനും ബൈലോയ്ക്ക് സർക്കാർ അനുമതി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭൂഗർഭ ജല വകുപ്പിന്റെ ജല ലഭ്യത പരിശോധന റിപ്പോർട്ട് കൂടി പരിഗണിച്ച് ഭൂമി വ്യവസായ സംരഭകർക്ക് വിട്ടുനൽകേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്

# 1-12 ഗവ.മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റ്, ചെറൂപ്പയിൽ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം ക്രമപ്രകാരമല്ല.

വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറി കിട്ടിയവ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ സംരക്ഷണത്തിനാണ് പ്രധാനമായും മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. ആരോഗ്യ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസിന്റെ കീഴിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ കൈമാറി കിട്ടിയിട്ടുണ്ട്. നിലവിൽ ചെറുവാടി സി.എച്ച്.സി. മാത്രമാണ് കുന്ദമംഗലം ബ്ലോക്കിന് കൈമാറി കിട്ടിയിട്ടുള്ളത്. എന്നാൽ ഡയറക്ടർ ഓഫ് മെഡിക്കൽ എജ്യൂക്കേഷന്റെ കീഴിലുള്ള ഗവ.മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റ്, ചെറൂപ്പയിൽ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പ്രവൃത്തികൾ നടത്തിവരുന്നതായി കാണുന്നു. ഫയൽ പരിശോധിച്ചതിൽ സ്ഥാപനം ബ്ലോക്കിന് കൈമാറിയതു സംബന്ധിച്ച രേഖകൾ ലഭിച്ചിട്ടില്ല. ഓഡിറ്റ് വർഷം പ്രസ്തുത സ്ഥാപനത്തിൽ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് വിഭാവനം ചെയ്ത പ്രൊജക്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ടിന്റെ പേര്, നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ബിൽനമ്പർ, തിയ്യതി | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | ചെറൂപ്പ സി.എച്ച് സി. നിർമ്മാണ പ്രവൃത്തികൾ മൂന്നാം | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3000000 | .......... | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | ഘട്ടം & ഫാർമസി നവീകരണം (14/19) | | | | |
| 2 | ചെറൂപ്പ സി.എച്ച് സി. എ്െ.പി . ഫാർമസി ബ്ളോക്ക് കെട്ടിടം (133/19) | - ടി- | 4057104 | 57509/14.03.18<br>151628/27.05.18<br>11407/31.12.18<br>86696/21.03.19 | 1334896<br>1452501<br>1337494<br>629346 |
| 3 | ചെറൂപ്പ സി.എച്ച് സി. ഇലക്ട്രിഫിക്കേഷൻ (5/19) | അസി. എഞ്ചിനീയർ | 1000000 | .......... | ഇല്ല |




29.11.2019ന് നടത്തിയ സ്ഥല പരിശോധനയിൽ, സ്ഥാപനത്തിന്റെ പ്രധാന കവാടത്തിൽ സ്ഥാപിച്ച ബോർഡിൽ, ഗവ.മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റ്, ചെറൂപ്പ എന്ന് രേഖപ്പെടുത്തിയതായി കണ്ടു. ആശുപത്രി ഓഫീസിൽ അന്വേഷിച്ചതിൽ സ്ഥാപനം കുന്ദമംഗലം ബ്ലോക്കിന് കൈമാറിയിട്ടില്ലെന്നും ഇപ്പോഴും ഡി.എം.ഇ.യുടെ കീഴിലാണെന്നും അറിയാൻ കഴിഞ്ഞു.

ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽപ്പെടാത്തതും പൊതുജനാരോഗ്യ മേഖലയിലെ ചുമതലയിൽ ഉൾപ്പെടാത്തതുമായ സ്ഥാപനത്തിൽ ഫണ്ട് ചെലവഴിച്ചത് ക്രമപ്രകാരമല്ല. സ്ഥാപനം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയതു സംബന്ധിച്ച എന്തെങ്കിലും രേഖയുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതും കൈമാറികിട്ടാത്ത സ്ഥാപനത്തിന് വേണ്ടി തുക ചെലവഴിച്ചതിന് വിശദീകരണവും ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്ഥാപനത്തിൽ വർഷങ്ങളായി ബ്ലോക്ക് പഞ്ചായത്ത് തുക ചെലവഴിക്കുന്നുണ്ടെന്നും സ്ഥാപനം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും, സ്ഥാപനത്തെ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ ആക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും 05.12.19 ന് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട് .

ഗവ.മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റ്, ചെറൂപ്പയെ സി എച്ച് സി ആക്കി മാറ്റി കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയത് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാലും ആസ്തി രജിസ്റ്ററിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനാവാത്തതിനാലും മറുപടി സ്വീകാര്യമല്ല. ചെലവുതുക 4754237/-രൂപ (2017-18ൽ 1334896+ 2018-19ൽ 3419341) തടസ്സത്തിൽ വെക്കുന്നു. രേഖകൾ പരിശോധനക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതും മെയിന്റനൻസ് ഗ്രാന്റ് സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-13 ബ്ളോക്ക് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽസൗണ്ട്സിസ്റ്റം പ്രവർത്തനക്ഷമമല്ല.

പ്രൊജക്ടിന്റെ പേര് – കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയത്തിന് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ

പ്രൊജക്ട് നമ്പർ – 141/19

വകയിരുത്തിയതുക – 3,44,000/-രൂപ (വികസന ഫണ്ട്)

ചെലവഴിച്ച തുക – 3,43,125/-രൂപ (ബിൽ നം. – 789377/19.11.18)

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയത്തിന് സൗണ്ട് സിസ്റ്റം, എൽ.സി.ഡി. പ്രോജക്ടർ എന്നിവ സ്ഥാപിക്കുകയായിരുന്നു ലക്ഷ്യം. ഇതിനായി പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തു. എന്നാൽ സ്ഥാപനവുമായി കരാർ ഉടമ്പടി വെച്ചിട്ടില്ല. പണം കൈമാറിയശേഷമുള്ള മറ്റു വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല.

ഓഡിറ്റോറിയം നേരിട്ട് പരിശോധിച്ചതിൽ സൗണ്ട് സിസ്റ്റം, എൽ.സി.ഡി പ്രോജക്ടർ എന്നിവ സ്ഥാപിച്ചിട്ടുണ്ടെങ്കിലും സൗണ്ട് സിസ്റ്റം പ്രവർത്തിക്കുന്നില്ല. ഓഡിറ്റോറിയം വാടകക്ക് നൽകുമ്പോൾ പുറത്തുനിന്നുള്ള സൗണ്ട് സിസ്റ്റം കൊണ്ടുവരികയാണ് ചെയ്യുന്നത്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/02.12.19) മറുപടി ലഭ്യമാക്കിയിട്ടില്ല. സൗണ്ട് സിസ്റ്റം പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവു തുക 343125/-രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-14 പത്രപരസ്യങ്ങൾ -പരസ്യ ചാർജ്ജിൽ അർഹമായ ഇളവ് പ്രയോജനപ്പെടുത്തിയില്ല

പ്രോജക്ടിന്റെ പേര് – പദ്ധതി രൂപീകരണം

പ്രോജക്ട് മ്പർ -2/19

വകയിരുത്തിയ തുക – 300000/- രൂപ(വികസന ഫണ്ട്)

ചെലവഴിച്ച തുക – 297767/-രൂപ

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതിപ്രകാരം നല്കിയ പത്ര പരസ്യ ചാർജ്ജ് പരിശോധിച്ചതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അർഹതയുണ്ടായിരുന്ന 15 ശതമാനം ഇളവ് പ്രയോജനപ്പെടുത്താതെയാണ് തുക നല്കിയത് എന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽനമ്പർ/ തീയതി | തുക (രൂ) | പത്രത്തിന്റെ പേര് |
|---|---|---|
| 80796/5.09.18 | 10920 | മാതൃഭൂമി |
| | 2730 | വീക്ഷണം |
| | 2730 | വീക്ഷണം |
| | 4620 | മാധ്യമം |
| | 4620 | മാധ്യമം |
| 700383194/3.08.18 | 5872 | മാതൃഭൂമി |
| | 10920 | മാതൃഭൂമി |
| | 17472 | മാതൃഭൂമി |
| 700 604120/9.10.18 | 10920 | മാതൃഭൂമി |
| | 4620 | മാധ്യമം |
| 700810146/19.11.18 | 4620 | മാധ്യമം |
| | 10920 | മാതൃഭൂമി |
| | 10920 | മാതൃഭൂമി |
| | 2184 | വീക്ഷണം |
| 700879390/4.12.18 | 6552 | മാതൃഭൂമി |
| | 4620 | മാധ്യമം |
| | 4620 | മാധ്യമം |
| 701130085/5.02.19 | 10920 | മാതൃഭൂമി |
| | 4620 | മാധ്യമം |
| ആകെ | 135400 | |

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തനത് ഫണ്ടിൽ നിന്നും താഴെ കാണിച്ച വൗച്ചർ പ്രാകാരം ഈയിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്

| വൗച്ചർ നമ്പർ/തീയതി | തുക (രൂ) | പത്രത്തിന്റെ പേര് |
|---|---|---|
| 03/2018 11/04/2018 | 11744 | മാതൃഭൂമി |
| | 3870 | ചന്ദ്രിക |
| 17/8-19 01/06/2018 | 21870 | മാതൃഭൂമി |
| 38/18-19 13/08/2019 | 21840 | മാതൃഭൂമി |
| | 3822 | വീക്ഷണം |
| 44/18-19 30/08 /2018 | 8736 | മാതൃഭൂമി |
| 58/18-19 30/10/2018 | 8736 | മാതൃഭൂമി |
| 73/18-19 03/01/2019 | 6552 | മാതൃഭൂമി |

സ.ഉ.നം.17/(പി)ഐ.&പി.ആർഡി/തീയ്യതി 8.12.15 പ്രകാരം എ.ബി.സി സർക്കുലേഷനുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് 15 ശതമാനം ഡിസ്കൌണ്ട് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്താതെയാണ് പത്രങ്ങൾക്ക് തുക നല്കിയത്. ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ മാത്രം നൽകണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.സർക്കാർ ഉത്തരവു പ്രകാരം അർഹതപ്പെട്ട ഡിസ്കൗണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്താത്തതിനാലും വിൻഡോ പരസ്യം നൽകാത്തതിനാലും പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ഡിസ്കൗണ്ട് ഇനത്തിൽ ലഭ്യമാകേണ്ടിയിരുന്ന തുക തുടർ ബില്ലുകളിൽ നിന്നും അഡ്ജസ്റ്റ് ചെയ്യേണ്ടതും വിവരം ഓഡിറ്റിനെ അറിയ്ണ്ടതുമാണ്

# 1-15 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി- ചെലവഴിക്കാത്ത തുക തിരിച്ചടച്ചില്ല.

വകയിരുത്തിയ തുക – 638500/-രൂപ (വികസന ഫണ്ട്)

ചെലവഴിച്ച തുക – 638500/-രൂപ (ബിൽ നം.27993/30.01.19, 24345/30.01.19)

കൃഷി അസി.ഡയറക്ടർ നടപ്പാക്കിയ നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി (നം.21/19) എന്ന പദ്ധതി പ്രകാരം 48000/-രൂപ കാരശ്ശേരി ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്നു. ആയതിൽ 40000/-രൂ പമാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി 8000/-രൂപ പത്ത് മാസം കഴിഞ്ഞിട്ടും തിരിച്ചടവാക്കിയിട്ടില്ല. പദ്ധതി പണം ദുരുപയോഗം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് (5/29.11.19)മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിക്കാത്ത തുക പലിശ സഹിതം കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-16 സംയുക്ത പ്രൊജക്ടുകൾക്ക് തുക കൈമാറി-പൂർത്തീകരണവിവരം ലഭ്യമല്ല

ഓഡിറ്റ് കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് വിവിധ ഗ്രാമപഞ്ചായത്തുകളുമായുള്ള സംയുക്ത പ്രൊജക്ടുകൾക്കായി താഴെ കൊടുത്ത പ്രകാരം തുക കൈമാറിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്, നമ്പർ | വകയിരുത്തിയ തുക | കൈമാറിയ തുക | ബിൽനമ്പർ, തീയതി |
|---|---|---|---|---|
| 1 | ഉണ്ണിപറമ്പത്ത് മീത്തൽ കോളനി റോഡ്-കുരുവട്ടൂർ 49/19 | 5,00,000 എസ്.സി.പി | 5,00,000 | 1156741/15.3.19 |
| 2 | മൂലത്തോട് ഇറിഗേഷൻ പദ്ധതി രണ്ടാംഘട്ടം, കുന്ദമംഗലം, 20/19 | 7,00,000 വികസനഫണ്ട് | 700,000 | 673429/24.10.18 |
| 3 | ബഡ്സ് സ്കൂൾ കുരുവട്ടൂർ, 38/19 | 9,00,000 വികസനഫണ്ട് | 9,00,000 | 383197/3.8.18 |
| 4 | ചങ്ങാംതടം കളിസ്ഥലം വാങ്ങൽ, ചാത്തമംഗലം 99/19 | 10,00.000 വികസനഫണ്ട് | 10,00.000 | 673425/24.10.18 |
| 5 | പഞ്ചായത്ത് മിനി സ്റ്റേഡിയം പവലിയൻ കാരശ്ശേരി 100/19 | 5,00,000 വികസനഫണ്ട് | 500,000 | 604126/9.10.18 |
| 6 | ബഡ്സ് സ്കൂൾ കെട്ടിടം, മാവൂർ 30/19 | 12,00,000 വികസനഫണ്ട് | 12,00,000 | 544012/24.918 |
| 7 | വെള്ളിപറമ്പ് ജി.എൽ.പി.സ്കൂൾ കിണർ നിർമ്മാണം-34/19 | 5,00,000 വികസനഫണ്ട് | 500,000 | 383198/3.8.18 |
| 8 | വയോജന സൗഹൃദ കേന്ദ്രം മാവൂർ 47/19 | 9,00,000 | 9,00,000 | 383195/3.8.18 |
| 9 | പറച്ചിത്തോട് പാർശ്വ ഭിത്തി സംരക്ഷണം കുന്ദമംഗലം 96/19 | 5,00,000 | 500,000 | 383200/3.8.18 |

| | | | | |
|---|---|---|---|---|
| | | വികസനഫണ്ട് | | |
| 10 | പഞ്ചായത്ത് മിനി സ്റ്റേഡിയം പുവ്വാട്ടുപറമ്പ് നവീകരണം, പെരുവയൽ 98/99 | 5,00,000 വികസനഫണ്ട് | 500,000 | 383199/3.8.19 |
| 11 | പുവ്വംപുറം കല്ലറകോളനി കുടിവെള്ള പദ്ധതി, കുന്ദമംഗലം 26/19 | 5,00,000 എസ്.സി.പി | 500,000 | 383196/3.8.19 |
| 12 | ശ്മാശാന നവീകരണം, കാരശ്ശേരി 103/19 | 5,00,000 വികസനഫണ്ട് | 500,000 | 74136/18.1.19 |
| | | ആകെ | 82,00,000 | |

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ 23 പ്രൊജക്ടുകളിൽ 13 എണ്ണം സംയുക്ത പദ്ധതികളാണ്. അതിൽ ഒരു പ്രൊജക്ടുമാത്രമാണ് പൂർത്തീകരിച്ചത്. സംയുക്ത പദ്ധതികൾക്ക് തുക കൈമാറിയ ശേഷം യാതൊരു തുടർനടപടിയും പഞ്ചായത്ത് സ്വീകരിക്കുന്നില്ല.

23.01.2017ലെ സർക്കാർ ഉത്തരവ് 7/2017(ധനം)പ്രകാരം പദ്ധതി നടപ്പിലാക്കുന്ന ഗ്രാമപഞ്ചായത്തുമായി ബ്ലോക്ക് പഞ്ചായത്ത് കരാർ ഉടമ്പടി ചമക്കേണ്ടതും സപ്തംബർ 30 ന മുമ്പ് വിഹിതം കൈമാറേണ്ടതുമാണ്. അതുപോലെ പദ്ധതി നടപ്പിലാക്കുന്ന ഗ്രാമപഞ്ചായത്ത് ഫെബ്രുവരി 28ന മുമ്പ് ചെലവഴിക്കാത്ത തുക അതാത് തദ്ദേശ സ്ഥാപനത്തിന് തിരിച്ചു നൽകേണ്ടതുമാണ്.

എന്നാൽ മേൽ പദ്ധതികളിലൊന്നും തന്നെ ഗ്രാമപഞ്ചായത്തുമായി കരാർചമച്ചിട്ടില്ല.മാത്രമല്ല 32ലക്ഷം രൂപ കൈമാറിയത് സപ്തംബർ 30 ന ശേഷമാണ്. ഗ്രാമപഞ്ചായത്തുകളിൽ അന്വേഷിച്ചതിൽ മേൽ പദ്ധതികളിൽ പലതും ആരംഭിച്ചിട്ടില്ല. നാളിതുവരെയും ചെലവഴിക്കാത്ത തുക തിരിച്ചുകിട്ടിയിട്ടില്ല. പ്രൊജക്ട് സംബന്ധിച്ച് മോണിട്ടറിംഗ് നടത്തി തുടർനടപടി സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/2.12.19)മറുപടി ലഭ്യമാക്കിയിട്ടില്ല. സംയുക്ത പ്രൊജക്ടുകൾ സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതും ചെലവഴിക്കാത്ത തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതുമാണ്.

# 1-17 കടന്നാളിൽ - കക്കിടിയിൽ തോട് സൈഡ് കെട്ടൽ സ്വകാര്യ വ്യക്തിയുടെ ഭൂമിയ്ക്ക് സംരംക്ഷണം

പ്രോജക്ട് നമ്പർ - 104/19

കരാറുകാരൻ - സനിൽ.പി

എസ്റ്റിമേറ്റ് തുക – 7 ലക്ഷം രൂപ

എം.ബുക്ക് - 38/17-18

ബിൽ - 6/16.06.18 – 7 ലക്ഷം രൂപ

ചെത്ത്കടവ് പുഴയിലേക്ക് ഒഴുകിയെത്തുന്ന ഭാഗത്തെ കടന്നാളിൽ - കക്കിടിയിൽ റോഡിന്റെ സൈഡ് മണ്ണോലിപ്പ് തടയാൻ, സൈഡ് കെട്ടാൻ വേണ്ടി പ്ലാൻ ഫണ്ട് ഉപയോഗിച്ച് 7 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും മേൽ ബിൽ പ്രകാരം പ്രസ്തുത തുക കരാറുകാരന് അനുവദിക്കുകയും ചെയ്തു. 2017-18 വർഷത്തിൽ ആരംഭിച്ച ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ച് താഴെ കൊടുത്ത (നമ്പർ ഡി.ബി.ജനറൽ 2016 തീ.17.08.17) റിപ്പോർട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകി. വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്ടിന് അംഗീകാരം ലഭിക്കുന്നതിന് ചുമതലപ്പെട്ട എ.എക്സ്.ഇയ്ക്ക് 2017/109139 നമ്പർ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ അയച്ച് കൊടുത്ത പരിശോധിച്ചതിൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ചില ഇനങ്ങളിൽ വ്യക്തത കുറവ് ഉള്ളതിനാൽ എ.എസ്.ഇ സൈറ്റ് പരിശോധിക്കുകയുണ്ടായി. പ്രസ്തുത തോട് നിലവിൽ ഒരിടത്തും സൈഡ് കെട്ടി സംരംക്ഷിച്ചിട്ടില്ലാത്തതും, പ്രവൃത്തി ഉദ്ദേശിച്ച സ്ഥലത്ത് നിന്ന് ഏറെ ദൂരെയല്ലാതെ പുഴയിൽ എത്തിച്ചേരുന്നതിനായി സൈഡ് ലെവൽ താഴ്ന്ന് താഴെയ്ക്ക് ഒഴുകിപ്പെകുന്ന തോടാണ്. മഴക്കാലത്ത് 2 അടിയോളം മാത്രമേ വെള്ളമൊഴുകുന്നുള്ളൂ എന്നതും, ഏതാണ്ട് 3 മീറ്റർ ഉയരത്തിലാണ് സമീപത്തുള്ള പറമ്പിന്റെ ഭൂനിരപ്പ് എന്ന് കാണുന്നു. തൊട്ടടുത്ത പറമ്പിലേക്ക് ഗ്രൗണ്ട് ലെവലിൽ നിന്ന് തോടിനോട് സൈഡ് കെട്ടി മണ്ണ് നിറയ്ക്കാനാണ് പദ്ധതി.

ഇതിൽ പ്രഥമദൃഷ്ട്യാ പൊതുമുതൽ സംരംക്ഷിക്കുന്ന ഒരു പ്രവൃത്തിയും ഉൾപ്പെട്ടിട്ടില്ല എന്നും, സ്വകാര്യ വ്യക്തിയുടെ ഭൂമിയും, അതിരും സംരംക്ഷിക്കുന്നതിനായാണ് ഈ പ്രവൃത്തിയെന്നും വ്യക്തമാക്കുന്നു. ഈ സ്ഥലം ഒരു ഉപസമിതി സന്ദർശനം നടത്തി വിലയിരുത്തൽ നടത്തുന്നത് ഉചിതമായിരിക്കുമെന്നും 11.08.2017 ലെ സന്ദർശന റിപ്പോർട്ടിൽ എ.ഇയ്ക്ക് വ്യക്തമാക്കി.

ഫയൽ പരിശോധിച്ചതിലും, സ്ഥലം പരിശോധിച്ചതിലും താഴെ കൊടുത്ത അപാകത കാണുന്നു.

സ്വാഭാവിക ഒഴുക്കിന് തടസ്സമില്ലാത്ത ഈ തോട് ഇരവശവും സ്വകാര്യ വ്യക്തിയുടേതാണ്. പ്രസ്തുത സ്ഥലം കരിങ്കൽകെട്ട് ഉപയോഗിച്ച് കെട്ടി ഉയർത്തി സംരംക്ഷിച്ചിട്ടുണ്ട്. തോട് ഒഴുകി വരുന്ന മേൽ ഭാഗം ഇപ്പോഴും കരിങ്കൽ കെട്ട് ഇല്ലാതെ സ്വാഭാവികമായി നിലനിൽക്കുന്നു. പ്രസ്തുത ഭാഗത്ത് ചിലയിടത്ത് സ്വകാര്യ വ്യക്തികൾ സ്വന്തം ചെലവിൽ തോടിന്റെ സൈഡ് കെട്ടിയിട്ടുണ്ട്. (ഫോട്ടോ കാണുക)





എ.എക്സ്.ഇ യുടെ റിപ്പോർട്ടിൽ നിന്നും, സ്ഥലം നേരിട്ട് പരിശോധിച്ചതിൽ നിന്നും, അസിസ്റ്റന്റ് എഞ്ചിനീയർ സ്വകാര്യ വ്യക്തിയുടെ സ്ഥലം സംരക്ഷിക്കാൻ ഉതകുന്ന തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതായി വ്യക്തമാകുന്നു. കൂടാതെ 11.08.2017 ന് അതായത് മഴക്കാലത്താണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തിയത്. ഈ സമയത്ത് തോട്ടിൽ രണ്ട് അടിയിലധികം വെള്ളം ഇല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും മണ്ണൊലിപ്പ് തടയാനാണ് ഈ ഭിത്തിസംരക്ഷണ പ്രവൃത്തിയെന്നും അനുമാനിക്കാനാവില്ല. ഇത് ശരിയായ നടപടിയല്ല. പൊതു മുതൽ സംരക്ഷിക്കുന്ന തരത്തിൽ യാതൊന്നും തന്നെ ഈ പദ്ധതിയിൽ ഇല്ലാതിരുന്നിട്ടും പദ്ധതി ഇത്തരത്തിൽ വിഭാവനം ചെയ്തതിനും തുക ചെലവഴിച്ചതിനും വിശദീകരണം നൽകേണ്ടതാണ്.

# 1-18 പുറമണ്ണിൽ പേരാംകുന്ന് കുടിവെള്ള പദ്ധതി കിണർ നിർമ്മാണം അധികം മണ്ണ് കിളച്ചതിന് തുക നൽകി.

പ്രോ നമ്പർ - 75/18

കരാറുകാരൻ - അബ്ദുൾ റഷീദ്

എസ്റ്റിമേറ്റ് തുക – 22 ലക്ഷം രൂപ

പ്രവൃത്തി മൂല്യം - 219607/-രൂപ

ബിൽ നംപർ-
301392/24.03.18 – 348695/-രൂപ

558749/24.09.18 – 1370472/-രൂപ

361118/13.03.19 – 376910/-രൂപ

മേൽ പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം അപ്പൻഡിക്സ് എ ഒന്നിൽ സാധാരണ മണ്ണ് കിളിച്ചെടുക്കുന്ന പ്രവൃത്തിയാണ്. ഇത് 326.35 ഘനമീറ്റർ കിളിച്ചെടുത്തതിന് ഒരു ഘനമീറ്ററിന്

172.87 രൂപ നിരക്കിൽ 56416/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എം. ബുക്ക് 43/17-18 പേജ് 1, 3, 38 എന്നിവയിൽ രേഖപ്പെടുത്തിയ അളവ് പ്രകാരമാണ് 326.35 ഘന മീ മണ്ണ് കിളച്ചെടുത്തത്. 6.4 മീറ്റർ വ്യാസം വരുന്ന കിണർ താഴെ കൊടുത്ത പ്രകാരം 10.15 മീറ്റർ ആഴത്തിൽ കുഴിച്ചതിനാണ് മേൽ തുക അനുവദിച്ചത്.

എം.ബുക്ക് പേജ് 1 – 3.14/4x6.4x6.4x4.5 = 144.69

എം.ബുക്ക് പേജ് 3 – 3.4/4x6.4x64x2.5 = 80.38

എം.ബുക്ക് പേജ് 38 – 3.14/4x6.4x64x3.15 = 101.28
326.35

എസ്റ്റിമേറ്റ് പ്രകാരം ഇപ്രകാരം ആകെ കുഴിച്ചെടുത്ത പ്രവൃത്തിയ്ക്ക് ഒരു നിരക്കും, പിന്നീട് ഇനം 2, 3, 4, 5 എന്നിവയായി ഒരേ ഡെപ്ത് ആഴത്തിന് നിരക്കിൽ വരുന്ന വ്യത്യാസം അനുവദിയ്ക്കുകയുമാണ് (ഡാറ്റ കാണുക). ഇത്തരത്തിൽ ഇനീഷ്യൽ ഡെപ്ത് കണക്കാക്കാതെ പിന്നീടുള്ള Ist IInd IIIrd IVth ഡെപ്ത്തിന് നിരക്ക് അനുവദിച്ചതായാണ് ഇനം 2, 3, 4, 5 എന്നിവയിൽ വ്യക്തമാകുന്നത്. ഇതിൽ നിന്നും കിണർ 7 മീറ്റർ ആഴത്തിൽ കുഴിക്കാനാണ് എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തത് എന്നു കാണുന്നു.

എന്നാൽ ഫൈനൽ ബിൽ പരിശോധിച്ചതിൽ ഇനം 2, 3, 4, 5 എന്നിവ പ്രകാരം 7.50 മീറ്റർ ആഴത്തിൽ മണ്ണ് കിളിച്ചെടുക്കുന്നത് കൂടാതെ എക്സ്ട്രാ ഇനമായി ഇ2 ആയി ഒരു ഡെപ്ത് ആതായത് ഫിഫ്ത്ത് ഡെപ്ത്ത് കിണർ കുഴിച്ചതിന്റെ വ്യത്യാസം നിരക്കും അനുവദിച്ചിട്ടുണ്ട്(എം. ബുക്ക് പേജ് 46 കാണുക). ഇത് കൂടി കണക്കിലെടുത്താൽ തന്നെ കിണർ 5th ഡെപ്ത്ത്, ആതായത് 9 മീറ്റർ ആഴത്തിൽ മാത്രമാണ് കുഴിച്ചതെന്ന് വ്യക്തമാകുന്നു. എന്നാൽ ഇനം ഒന്ന് പ്രകാരം 10.15 മീറ്റർ ആഴത്തിൽ കിണർ കുഴിച്ചതിനാണ് തുക അനുവദിച്ചത്. അധികം അനുവദിച്ച 1.15 മീറ്റർ ആഴത്തിന്, 36.98 ഘന.മീ മണ്ണ് കിളച്ചെടുത്തതിൽ (3.14/4x6.4x6.4x1.15= 36.98) കരാറുകാരന് അധികം തുക അനുവദിച്ചിട്ടുണ്ട്. അധികം അനുവദിച്ച 6393/- രൂപ (36.98x172.87=6392.7) കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

# 1-19 കുടിവെള്ള/സാമൂഹ്യ ജലസേചന പദ്ധതികൾ-ഫലപ്രാപ്തി കൈവരിച്ചില്ല

താഴെ കൊടുത്തിരിക്കുന്ന കുടിവെള്ള/സാമൂഹ്യ ജലസേചന പദ്ധതികൾക്കായി നാളിതുവരെ 7453345/- രൂപ ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര്, നമ്പർ, കരാറുകാരൻ | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക/ എം.ബുക്ക് | ബിൽ നമ്പർ, തീയതി | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | പുതുക്കോട് കുടിവെള്ള പദ്ധതി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | 2200000 | 553743/24.09.18 | 307344 |
| | | | 107/17-19 | | |

| | | | | | |
|---|---|---|---|---|---|
| | (152/19)<br>അബ്ദുൾനാസർ.സി. | എഞ്ചിനീയർ | 126/17-18 | | |
| | | | 205/17-18 | 488033/23.03.19 | 1330593 |
| 2 | പുറമണ്ണിൽ ചേരാംകുന്ന് കുടിവെള്ള പദ്ധതി (151/19)<br>അബ്ദുൾ റഷീദ്. പി.പി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2800000 | 301392/24.03.18 | 348695 |
| | | | 43/17-18 | | |
| | | | 44/17-18 | | |
| | | | 96/17-18 | 558749/24.09.18 | 1370472 |
| | | | | 361118/13.03.19 | 376910 |
| 3 | ആലുങ്കൽ ലക്ഷം വീട്<br>പുതുക്കുടിക്കുന്ന് കുടിവെള്ള പദ്ധതികൾ (170/19)<br>അബ്ദുൾ റഷീദ്. പി.പി. | അസിസ്റ്റന്റ്<br>എഞ്ചിനീയർ | 500000<br>193/17-18 | 463490/22.03.19 | 440111 |
| 4 | വെറങ്ങോട്ടിൽ കുടിവെള്ള പദ്ധതി, കൊടിയത്തൂർ<br>(110/19)<br>ഫൈസൽ. ടി. | അസിസ്റ്റന്റ്<br>എഞ്ചിനീയർ | 1100000 | 583595/28.09.18 | 369110 |
| | | | 216/17-18 | | |
| | | | 109/17-18 | | |
| | | | 226/17-18 | 545261/27.03.19 | 511571 |
| 5 | കളരിക്കണ്ടി കുടിവെള്ള പദ്ധതി, കാരശ്ശേരി (31/19)<br>മുഹമ്മദി യൂസഫ്.കെ.സി. | അസിസ്റ്റന്റ്<br>എഞ്ചിനീയർ | 1500000 | 514920/26.03.19 | 381568 |
| 6 | പാറക്കോട്ടുതാഴം കുടിവെള്ള പദ്ധതി, പെരുമണ്ണ (29-19)<br>വിജീഷ്. പി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 1500000 | 384286/15.03.19 | 500000 |
| 7 | ളമ്പറ്റ കുടിവെള്ള പദ്ധതി, കുരുവട്ടൂർ (147/19) | അസിസ്റ്റന്റ് എഞ്ചിനീയർ | 1100000 | 559657/24.09.18 | 593674 |
| | | | 95/17-18 | | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | കെ.സി. സുരേഷ് | | 108/17-18 | 261850/26.02.19 | 221549 |
| | | | 178/17-18 | | |
| | | | 182/17-18 | | |
| 8 | പറമ്പിൽ നോർത്ത് സാമൂഹ്യ ജലസേചന പദ്ധതി (8-19)<br>വിജീഷ് പി.ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2000000 | 572186/30.03.19 | 625811 |
| 9 | ചെന്നിലോട്ടുകുളം സാമൂഹ്യ ജലസേചന പദ്ധതി (7/19)<br>നൗഷാദ് കെ.കെ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2000000 | - | 0 |
| | | | | | 7453345 |

മേൽ വിവരിച്ച പ്രകാരം വൻതുക ചെലവഴിച്ചിട്ടും പ്രോജക്ട് ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ 29.11.2019ന് നടത്തിയ സ്ഥല പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

**1. പ്രവൃത്തി പൂർത്തിയായിട്ടും കുടിവെള്ള വിതരണം ആരംഭിച്ചിട്ടില്ല.**

**എ). പുറമണ്ണിൽ ചേരാംകുന്ന് കുടിവെള്ള പദ്ധതി**

കിണർ നിർമ്മാണം, പമ്പ് ഹൗസ്, ടാങ്ക്, മോട്ടോർ, പൈപ്പ് ലെയിംഗ് എന്നിവ പൂർത്തിയായിട്ടും കുടിവെള്ള വിതരണം ആരംഭിച്ചിട്ടില്ല.

**ബി). പുതുക്കോട് കുടിവെള്ള പദ്ധതി**

കിണർ നിർമ്മാണം, പമ്പ്ഹൗസ്, ടാങ്ക്, പമ്പിംഗ് മെയിൻ എന്നിവ പൂർത്തിയായിട്ടും മോട്ടോർ, ഇലക്ട്രിഫിക്കേഷൻ എന്നിവ പൂർത്തീകരിച്ച് കുടിവെള്ള വിതരണം ആരംഭിച്ചിട്ടില്ല. കിണറിന്റെ ഗ്രിൽ പ്രവൃത്തി ചെയ്ത് കിണറിന്റെ സമീപത്ത് വെച്ചിട്ടുണ്ടെങ്കിലും ആയത് സ്ഥാപിച്ചിട്ടില്ല. എന്നാൽ പ്രസ്തുത പ്രവൃത്തിയ്ക്ക് തുക നൽകിയതായി കാണുന്നു.

**സി). വെറങ്ങോട്ടിൽ കുടിവെള്ള പദ്ധതി**

കിണർ നിർമ്മാണം, പമ്പ്ഹൗസ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലെ ടാങ്കിലേക്കാണ് വെള്ളം പമ്പ് ചെയ്യേണ്ടത്. ഇലക്ട്രിഫിക്കേഷൻ, മോട്ടോർ എന്നിവ ചെയ്തിട്ടില്ല. കുടിവെള്ള വിതരണം ആരംഭിച്ചിട്ടില്ല.

**2. സമീപ കുടിവെള്ള പദ്ധതിയുടെ സാധ്യത പരിശോധിക്കപ്പെടാതെ പുതിയ പദ്ധതിക്ക് രൂപം നൽകി.**

പുതുക്കോട് കുടിവെള്ള പദ്ധതി 2200000/- രൂപ വകയിരുത്തി 2017-18 ൽ ആരംഭിച്ചതാണ്. ഈ പദ്ധതിക്കായി നാളിതുവരെ 1637937/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ ഖണ്ഡിക ഒന്നിൽ (ബി) പരാമർശിച്ച പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ തൊട്ടടുത്തായി സങ്കേതം കുടിവെള്ള പദ്ധതിയുടെ കൂടുതൽ ശേഷിയുള്ള ജലസ്രോതസ്സും വാട്ടർടാങ്കും ഉണ്ട്. കൂടാതെ സങ്കേതം കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലെയിംഗ് പുതുക്കോട് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വിനിയോഗത്തക്ക രീതിയിൽ ഉള്ളതായി കാണുന്നു. സങ്കേതം പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് പ്രദേശത്തെ എല്ലാ ഗുണഭോക്താക്കൾക്കും വെള്ളമെത്തിക്കാൻ സാധിക്കുമെന്നിരിക്കെ 22 ലക്ഷം രൂപ വകയിരുത്തി ഒരു പുതിയ പദ്ധതി ആരംഭിച്ചതിന്റെ സാംഗത്യം ഓഡിറ്റിന് വ്യക്തമാകുന്നില്ല. ആയത് വ്യക്തമാക്കേണ്ടതാണ്.

**3. എഗ്രിമെന്റ് വെച്ചതിലെ കാലതാമസം**

ചെന്നിക്കോട്ടുകുളം സാമൂഹ്യ ജലസേചന പദ്ധതിക്ക് 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഇ-ടെണ്ടറും, റീടെണ്ടറും ക്വട്ടേഷനും നടത്തിയിട്ടും ആരും ഏറ്റെടുക്കാത്ത സാഹചര്യത്തിൽ, എസ്റ്റിമേറ്റ് നിരക്കിൽ നെഗോസിയേഷൻ ക്വട്ടേഷനായി ഏറ്റെടുത്ത് നടത്താൻ ശ്രീ.നൗഷാദ്.കെ.കെ. എന്ന കരാറുകാരൻ തയ്യാറായി. 21.11.2018ലെ 229/(1)/18 നമ്പർ തീരുമാനപ്രകാരം 23.11.18ന് കരാറുകാരന് സെലക്ഷൻ മെമ്മോ അയച്ചു. എന്നാൽ കരാറുകാരൻ ഉടമ്പടി വെയ്ക്കുന്നത് 23.01.2019ലാണ് (എ.ഇ.ഇ.9/2018-19 തീയതി 23.02.2019 കരാർ ഉടമ്പടി കാണുക). പി.ഡബ്ല്യു.ഡി മാന്വൽ ഖണ്ഡിക 2009-6 പ്രകാരം കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതും, 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ കരാർ തുക 1% പിഴ ഈടാക്കി കരാർ ഉടമ്പടി വെക്കാവുന്നതുമാണ്. 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞിട്ടും കരാർ വെയ്ക്കാത്തപക്ഷം ടെണ്ടർ നടപടി ക്രമം തുടരേണ്ടതില്ല. മേൽ ചട്ടത്തിന് വിരുദ്ധമായി നെഗോസിയേഷനിലൂടെ കരാറുകാരനെ കണ്ടെത്തി സെലക്ഷൻ നോട്ടീസ് അയച്ച് മൂന്ന് മാസം കഴിഞ്ഞാണ് കരാർ ഉടമ്പടി വെക്കുന്നത്. ഇത് ക്രമപ്രകാരമല്ല.

**4. കിണർ പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ച നിലയിൽ**

15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പിലാക്കുന്ന കളരിക്കണ്ടി കുടിവെള്ള പദ്ധതിക്ക് കിണർ, പമ്പ് ഹൗസ്, പൈപ്പ് ലൈൻ ലെയിംഗ് എന്നിവയാണ് വിഭാവനം ചെയ്തത്. ഇതിൽ കിണർ നിർമ്മാണവും പൈപ്പ് ലെയിംഗും ആരംഭിച്ചെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചില്ല. പുഴയുടെ ഓരത്ത് കിണറു പണിയുടെ ഭാഗമായി ഉൾഭാഗം കോൺക്രീറ്റ് ചെയ്യുകയും ഇതിന്റെ കമ്പി തുരുമ്പിച്ച നിലയിൽ ജലനിരപ്പിന് മുകളിൽ കാണുകയും ചെയ്യുന്നു. ഈ കമ്പിയും തുടർ പ്രവൃത്തിക്കു വേണ്ടി സംഭരിച്ച കമ്പിയും തുരുമ്പ് പിടിച്ച് നശിക്കുകയാണ്.

**5. രണ്ട് കുടിവെള്ള പദ്ധതികൾക്കായി ഒരു ടാങ്കും ഒരു കിണറും ഉപയോഗിച്ച് രണ്ട് വിതരണ ശൃംഖല**

പുറമണ്ണിൽ ചേരാംകുന്ന് കുടിവെള്ള പദ്ധതിക്ക് (നമ്പർ 75/18) കിണർ, ടാങ്ക് നിർമ്മാണം, മോട്ടോർ, പമ്പിംഗ് മെയിൻ, പൈപ്പ് ലെയിംഗ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 170/19 എന്ന നമ്പറിൽ ആലുങ്ങൽ ലക്ഷം വീട് പുതുക്കുടി കുന്ന് കുടിവെള്ള പദ്ധതി എന്ന പേരിൽ മറ്റൊരു പദ്ധതി വിഭാവനം ചെയ്യുകയും മേൽ പദ്ധതിയുടെ ടാങ്കിൽ നിന്ന് കുടിവെള്ള വിതരണത്തിനായുള്ള പൈപ്പ് ലെയിംഗിന് മാത്രമായി 5ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പിലാക്കിയിട്ടുമുണ്ട്. ആദ്യ പദ്ധതിയുടെ വിതരണ ശൃംഖല വിപുലീകരിച്ച് പദ്ധതി പുതുക്കി നടപ്പിലാക്കേണ്ടതിന് പകരം മറ്റൊരു പദ്ധതി കുടിവെള്ള വിതരണ പൈപ്പ് ലെയിംഗിന് മാത്രമായി നടപ്പിലാക്കിയത് ശരിയായ നടപടിയല്ല. പദ്ധതി നടത്തിപ്പിലെ പ്രവർത്തനം താഴെ പറയും പ്രകാരം.

**6). കുളം വിനിയോഗിക്കാതെ, കുളത്തിൽ കിണർ കുഴിച്ച് പദ്ധതി നടപ്പിലാക്കുന്നു**

കിണർ, പമ്പ്ഹൗസ്, വാട്ടർ ടാങ്ക്, പൈപ്പ് ലൈൻ പ്രവൃത്തി ഉൾപ്പെടെ 20 ലക്ഷത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയ ചെന്നിലോട്ട് കുളം സാമൂഹ്യ ജലസേചന പദ്ധതിക്ക് 2018-19 ൽ കരാർ ഉടമ്പടി ചമച്ചിട്ടുണ്ട്. ഈ ജലസേചന പദ്ധതിക്ക് ആവശ്യമായ ജലം ചെന്നിലോട്ട് കുളത്തിൽ ഉണ്ടായിരിക്കേ/ജല ദൗർലഭ്യം ഉണ്ടെങ്കിൽ കുളം വിപുലീകരണം ചെയ്യേണ്ടതിന് പകരം കുളത്തിനകത്ത് കിണർ നിർമ്മാണം നടത്തുകയാണ് ചെയ്തത്. കൂടാതെ കിണർ കുഴിച്ചതിന്റെ ഭാഗമായുള്ള മണ്ണ് കുളത്തിൽ തന്നെ നിക്ഷേപിച്ചു. ചെറിയ ഒരു ഭാഗം മണ്ണ് കുളത്തിന് പുറത്ത് നിക്ഷേപിക്കുന്നതിന് വേണ്ടി കുളത്തിന്റെ സംരംക്ഷണ ഭിത്തി പൊളിച്ചിട്ടുണ്ട്. കിണർ കുഴിച്ചതിലൂടെ ലഭിച്ച മണ്ണ് കുളത്തിൽ നിക്ഷേപിച്ചതിലൂടെ വലിയ ഒരു ജലാശയം ചെറുതാക്കി മാറ്റുന്നതിന് തുല്യമായ പ്രവൃത്തിയാണ് നടന്നത്. ജലാശയങ്ങൾ, പൊതുകുളങ്ങൾ എന്നിവ സംരംക്ഷിക്കേണ്ട ചുമതല പഞ്ചായത്തുകൾക്കായിരിക്കെ ജലാശയങ്ങൾ ഇത്തരത്തിൽ നശിപ്പിക്കുന്നതിന് ശരിയായ പ്രവർത്തനമല്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും താഴെ കൊടുത്ത് നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1. മേൽപ്പറഞ്ഞ എട്ട് കുടിവെള്ള/ജലസേചന പദ്ധതികളും പൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
2. കുടിവെള്ള പദ്ധതികൾക്കുള്ള പ്രോജക്ട് വിഭാവനം ചെയ്യുമ്പോൾ ജലസ്രോതസ്സ് മുതൽ ജലവിതരണം വരെയുള്ള എല്ലാ കാര്യങ്ങൾ സംബന്ധിച്ചും വിശദമായ പഠനം നടത്തി ഒറ്റ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണ്. നിലവിലുള്ള ഫലപ്രദമായ പദ്ധതികൾ സമീപ പ്രദേശത്തുണ്ടെങ്കിൽ ആയതിന്റെ ശേഷി വർദ്ധിപ്പിച്ച് വിതരണം ശൃംഖല വിപുലീകരിക്കുന്നതിന് പകരം കുറഞ്ഞ ഗുണഭോക്താക്കൾ മാത്രമുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്.
3. എഗ്രിമെന്റ് വെക്കുന്നതിലും മറ്റ് നടപടിക്രമങ്ങളിലേയും കാലതാമസം ഒഴിവാക്കേണ്ടതും കിണർ നിർമ്മാണത്തിന്റെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതുമാണ്.
4. ജലാശയങ്ങൾ പരിപാലിക്കേണ്ടതിന് പകരം ആയത് നശിപ്പിക്കുന്ന രീതിയിൽ പദ്ധതികൾ വിഭാവനം ചെയ്യുന്ന പ്രവണത ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(അനുബന്ധമായി കൊടുത്ത ചിത്രങ്ങൾ കാണുക)

# 1-20 വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയില്ല വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയില്ല

പദ്ധതി നം. 04/19 ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ്

അടങ്കൽ 2700000/- രൂപ

ചെലവ് 2700000/- രൂപ

നിർവഹണോദ്യോഗസ്ഥൻ--ഡയറി എക്സ്റ്റെൻഷൻ ഓഫീസർ

ബിൽ നം. 01/18-19/28-09-2019 – 2700000/-രൂപ

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ക്ഷീര കർഷകർക്ക് ലിറ്ററിന് പരമാവധി 4 രൂപ നിരക്കിൽ ഇൻസെന്റീവ് അനുവദിക്കുന്നതിന് വേണ്ടി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം വിഹിതം അനുവദിച്ചിട്ടുണ്ട്

| ക്രമ നം | പഞ്ചായത്തിന്റെ പേര് | തുക |
|---|---|---|
| 1 | കുരുവട്ടൂർ | 300000 |
| 2 | മാവൂർ | 300000 |
| 3 | ചാത്തമംഗലം | 300000 |
| 4 | കാരശ്ശേരി | 500000 |
| 5 | പെരുവയൽ | 300000 |
| 6 | കൊടിയത്തൂർ | 300000 |
| 7 | കുന്നമംഗലം | 400000 |
| 8 | പെരുവയൽ | 300000 |
| ആകെ | | 2700000 |

ഗ്രാമപഞ്ചായത്തുകൾ ഈ തുക ഇതെ ആവശ്യത്തിനു വേണ്ടി ഉപയോഗിച്ചു എന്ന് ഉറപ്പു വരുത്തുന്നതിന്, വിനിയോഗ സാക്ഷ്യ പത്രം വാങ്ങേണ്ടതായിരുന്നുവെങ്കിലും അങ്ങനെ ചെയ്തതായി കാണുന്നില്ല, ആയതിനാൽ ചെലവു തുക തടസ്സത്തിൽ വെക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-21 കൊടിയത്തൂർ വില്ലേജ് ഹട്ട്- പ്രവർത്തനക്ഷമമാക്കേണ്ടതാണ്

എസ്.ജി.എസ്.വൈ പദ്ധതിയിലുൾപ്പെടുത്തി 15 ലക്ഷം രൂപക്ക് എസ്റ്റിമേറ്റ് തയാറാക്കിയ കൊടിയത്തൂർ വില്ലേജ് ഹട്ട്, 2014-15 ൽ ടെണ്ടർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2015-16 ൽ 1462454/- രൂപ ചെലവഴിച്ച് പണി പൂർത്തീകരിച്ചു. 29-11-2019 ന് സ്ഥല പരിശോധന നടത്തിയതിൽ, കൊടിയത്തൂർ ഗവ ഹോമിയോ ആശുപത്രിക്ക് മുമ്പിൽ 4 മുറികളോട് കൂടിയ കെട്ടിടം നിർമിച്ചതായി കാണുന്നു. കെട്ടിടത്തിന് ഗ്രാമ പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ ലഭിച്ചിട്ടില്ല. ഗ്രാമീണ ചന്ത നടത്താൻ ഉദ്ദേശിക്കുന്ന ഈ കെട്ടിടം ആശുപത്രിക്ക് മുമ്പിൽ നിർമിച്ചു എന്നത്, വേണ്ടത്ര പഠനം നടത്താതെയാണ് പദ്ധതി രൂപികരിച്ചത് എന്നതിന്റെ തെളിവാണ്. നിർമ്മാണം കഴിഞ്ഞുവെങ്കിലും ഒരു ചന്ത പോലും നടത്തിയതായി കാണുന്നില്ല. നാലു മുറികളും അടഞ്ഞു കിടക്കുന്നതിൻ നിന്ന് തന്നെ പദ്ധതി ലക്ഷ്യ പ്രാപ്തി കൈവരിച്ചിട്ടില്ല എന്ന് വ്യക്തമാണ് നിഷ്ക്രിയ ആസ്തിയായി കിടക്കുന്ന കെട്ടിടം ഉപയോഗപ്രദമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### [<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2)</u> <u>പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

# 3-1 പുറമണ്ണിൽ പേരാംകുന്ന് കുടിവെള്ള പദ്ധതി കിണർ നിർമ്മാണം അധികം മണ്ണ് കിളച്ചതിന് തുക നൽകി.

പ്രോ നമ്പർ - 75/18

കരാറുകാരൻ - അബ്ദുൾ റഷീദ്

എസ്റ്റിമേറ്റ് തുക – 22 ലക്ഷം രൂപ

പ്രവൃത്തി മൂല്യം - 219607/- രൂപ

ബിൽ 301392/24.03.18 – 348695/- രൂപ

558749/24.09.18 – 1370472/- രൂപ

361118/13.03.19 – 376910/- രൂപ

മേൽ പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം അപ്പൻഡിക്സ് എ ഒന്ന് പ്രകാരം സാധാരണ മണ്ണ് കിളിച്ചെടുക്കുന്ന പ്രവൃത്തിയാണ്. ഇത് 326.35 ഘനമീറ്റർ കിളിച്ചെടുത്തതിന് ഒരു ഘനമീറ്ററിന് 172.87 രൂപ നിരക്കിൽ 56416/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എം. ബുക്ക് 43/17-18 പേജ് 1, 3, 38 എന്നിവയിൽ രേഖപ്പെടുത്തിയ അളവ് പ്രകാരമാണ് 326.35 ഘന മീ മണ്ണ് കിളച്ചെടുത്തത്. 6.4 മീറ്റർ വ്യാസം വരുന്ന കിണർ താഴെ കൊടുത്ത പ്രകാരം 10.15 മീറ്റർ ആഴത്തിൽ കുഴിച്ചതിനാണ് മേൽ തുക അനുവദിച്ചത്.

എം.ബുക്ക് പേജ് 1 – 3.14/4x6.4x6.4x4.5 = 144.69

എം.ബുക്ക് പേജ് 3 – 3.4/4x6.4x64x2.5 = 80.38

എം.ബുക്ക് പേജ് 38 – 3.14/4x6.4x64x3.15 = 101.28

326.35

എസ്റ്റിമേറ്റ് പ്രകാരം ഇപ്രകാരം ആകെ കുഴിച്ചെടുത്ത പ്രവൃത്തിയ്ക്ക് ഒരു നിരക്കും, പിന്നീട് ഇനം 2, 3, 4, 5 എന്നിവയായി ഒരേ ഡെപ്ത്ത് ആഴത്തിന് നിരക്കിൽ വരുന്ന വ്യത്യാസം അനുവദിയ്ക്കുകയുമാണ്. (ഡാറ്റ കാണുക) ഇത്തരത്തിൽ ഇനീഷ്യൽ ഡെപ്ത്ത് കണക്കാക്കാതെ പിന്നീടുള്ള Ist IInd IIIrd IVth ഡെപ്ത്തിന് എന്നിവയ്ക്ക് നിരക്ക് അനുവദിച്ചാൽ ഇനം 2, 3, 4, 5 എന്നിവയിൽ വ്യക്തമാക്കുന്നത്. ഇതിൽ നിന്നും കിണർ 7 മീറ്റർ ആഴത്തിൽ കുഴിക്കാനാണ് എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തത്.

എന്നാൽ ഫൈനൽ ബിൽ പരിശോധിച്ചതിൽ ഇനം 2, 3, 4, 5 എന്നിവ പ്രകാരം 7.50 മീറ്റർ ആഴത്തിൽ മണ്ണ് കിളിച്ചെടുക്കുന്നത് കൂടാതെ എക്സ്ട്രാ ഇനമായി ഇ2 ആയി ഒരു ഡെപ്ത് ആതായത് ഫിഫ്ത്ത് ഡെപ്ത്ത് കിണർ കുഴിച്ചതിന്റെ വ്യത്യാസം നിരക്കും അനുവദിച്ചിട്ടുണ്ട്. എം. ബുക്ക് പേജ് 46 കാണുക. ഇത് കൂടി കണക്കിലെടുത്താൽ തന്നെ കിണർ 5th ഡെപ്ത്ത് ആതായത് 9 മീറ്റർ ആഴത്തിൽ മാത്രമാണ് കുഴിച്ചതെന്ന് വ്യക്തമാകുന്നു. എന്നാൽ ഇനം ഒന്ന് പ്രകാരം 10.15 മീറ്റർ ആഴത്തിൽ കിണർ കുഴിച്ചതിനാണ് തുക അനുവദിച്ചത്. അധികം അനുവദിച്ച 1.15 മീറ്റർ ആഴത്തിന്, 36.98 ഘന.മീ മണ്ണ് കിളച്ചെടുത്തതിൽ (3.14/4x6.4x6.4x1.15= 36.98) കരാറുകാരന് അധികം തുക അനുവദിച്ചിട്ടുണ്ട്. അധികം അനുവദിച്ച 6393/- രൂപ (36.98x172.87=6392.7) ഉത്തരവാദിയായ കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

# 3-2 പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ്- ഒഴിവായി കിടക്കുന്ന കെട്ടിടത്തിന് നികുതി ഇളവു ചെയ്തു കിട്ടുന്നതുന് നടപടികൾ സ്വീകരിച്ചില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്) ചട്ടങ്ങൾ ചട്ടം 21(1) പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധ വർഷത്തിൽ 60 ദിവസമോ

അതിൽ കൂടുതലോ ആയ കാലത്തേക്ക് തുടർച്ചയായി ഒരാവശ്യത്തിനും ഉപയോഗിക്കപ്പെടാതെ ഒഴിഞ്ഞു കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസത്തിന് ആനുപാതികമായി വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഇളവ് ചെയ്തു കൊടുക്കാവുന്നതാണ്,

ചട്ടം 21(2) പ്രകാരം കെട്ടിടമുടമയോ ആയാളുടെ ഏജന്റോ കെട്ടിടം ഒഴിഞ്ഞു കിടക്കുകയാണെന്ന നോട്ടീസ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കൊടുത്തിട്ടില്ലായെങ്കിൽ നികുതി ഇളവു ചെയ്തു നൽകാൻ പാടുള്ളതല്ല.

നിലവിൽ പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സിന്റെ മുറികളെല്ലാം ലേലം ചെയ്യപ്പെടാതെ ഒഴിഞ്ഞി കിടക്കുകയായിട്ടും നിയമ പ്രകാരം ലഭിക്കേണ്ട നികുതിയിളവിന് അപേക്ഷ നൽകിയിട്ടില്ല.

29-03-2018 ന് കുന്നമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെട്ടിട മുറികളുടെ വസ്തു നികുതി താഴെ പറയും പ്രകാരം ഡിമാന്റ് ചെയ്തു.

| തറ നില | | | | ഒന്നാം നില | | | |
|---|---|---|---|---|---|---|---|
| | കെട്ടിട നം. | കെട്ടിട നികുതി | ഡിമാന്റ് നോട്ടീസ് നം. | | കെട്ടിട നം | കെട്ടിട നികുതി | ഡിമാന്റ് നോട്ടീസ് നം. |
| 1 | 14/1233A | 1141 | 662/29/03/18 | 8 | 4/1233 H | 1084 | 669/2-03-18 |
| 2 | 14/1233B | 1141 | 663/29/03/18 | 9 | 4/1233 J | 1084 | 670/29-03-18 |
| 3 | 14/1233C | 1141 | 664/29/03/18 | 10 | 4/1233 L | 1084 | 671/29-03-18 |
| 4 | 14/1233D | 1141 | 665/29/03/18 | 11 | 4/1233 M | 1084 | 672/29-03-18 |
| 5 | 14/1233E | 1141 | 666/29/03/18 | 12 | 4/1233 N | 1084 | 673/29-03-18 |
| 6 | 14/1233 F | 1141 | 667/29/03/18 | 13 | 4/1233 P | 1084 | 674/29-03-18 |
| 7 | 14/1233G | 1141 | 668/29/03/18 | 14 | 4/1233 Q | 1084 | 675/29-03-18 |
| | | 7987 | | | | 7588 | |
| ആകെ | | | | **15575+112 = 15687** | | | |

| | | | | |
|---|---|---|---|---|
| | | (14x8 demand notice fees) | | |

വൗച്ചർ നം 06/2018-19 തീയതി 21/04/2018 പ്രകാരം 23/04/2018 ന് തുക ഗ്രാമപഞ്ചായത്തിൽ അടവാക്കി. നിയമ പ്രകാരം ലഭിക്കേണ്ട നികുതിയിളവിന് അപേക്ഷ നൽകാത്തതിനാൽ 7787/- ബ്ലോക്ക്പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും നഷ്ടം സംഭവിച്ചു

ഈ തുക നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരിച്ച് പിടിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 16-08-19 മുതൻ<br>17-08-19 വരെ | നമ്പർ.കെ.എസ്.എ.കെ.കെ.ഡി.<br>ഇ2/887/ 19(76) തി. 24-08-19 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ

# തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | ചാത്തമംഗലം ഗ്രാമപഞ്ചായത്ത് 1,2,3 വാർഡ് പൈപ്പ് ലൈൻ നീട്ടൽ | ഓൺലൈൻ സബ് ട്രഷറി, കൊടുവള്ളി | 6000 | - | 6000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1999 | 41a | ജനകീയാസൂത്രണ നടത്തിപ്പിൽ അപാകതകൾ - ശിവഗിരി ശുദ്ധജലപദ്ധതി - മൂല്യനിർണ്ണയം നടത്തിയില്ല. | ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണത്തിനും നടപടിക്കും സമിതി ശുപാർശ ചെയ്തു. |
| 1999 | 41b | പൈലങ്ങോട്ട് ചുരം - പാലോംകുന്ന് ശുദ്ധജല പദ്ധതി - ക്രമരഹിതമായി മുൻകൂർ നൽകി | -ടി- |
| 1999 | 41c | കൊടിയത്തൂർ - കോട്ടമ്മൽ ശുദ്ധജലപദ്ധതി | -ടി- |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,22,25,504 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,68,93,870 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14,180 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 64,62,466 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| | | |
|---|---|---|
| 1-19 | 6393 | ശ്രീ.സാന്റോഷ്<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | 7787 | ശ്രീ.ജയപ്രകാശൻ.വി.കെ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 3419341 | ശ്രീമതി. സീന അലക്സ് – 14,52,501<br>ശ്രീ.സാന്റോഷ് – 19,66,840<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-14 | 343125 | ശ്രീ.ജയപ്രകാശൻ.വി.കെ,<br>സെക്രട്ടറി |
| 1-21 | 27,00,000 | ശ്രീ.സനിൽകുമാർ.പി,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| ക്രമ നം. | പേര് | സ്ഥിരം മേൽ വിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| 1 | ശ്രീമതി. സീന അലക്സ്<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രാവണം.എം<br>എൽ.എ റോഡ് ഒഴയാടി,<br>കുന്ദമംഗലം (പി.ഒ) |
| 2 | ശ്രീ.സാന്റോഷ്<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ആലയം,<br>കോട്ടൂളി.പി.ഒ<br>കുതിരവട്ടം,<br>കോഴിക്കോട് |
| 3 | ശ്രീ.ജയപ്രകാശൻ.വി.കെ,<br>സെക്രട്ടറി | കരുവാരക്കോട്ടിൽ വീട്<br>ചാത്തമംഗലം.പി.ഒ |
| 4 | ശ്രീ.സനിൽകുമാർ.പി,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീധർത്ത്,<br>മേരിക്കുന്ന്.പി.ഒ കോഴിക്കോട് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | | |
|---|---|---|
| 2000-01 | എൽ.എഫ്.കെ.കെ.ഡി.(പി 7)1498/04/2-4-12 | 35 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.(പി 7)1178/04/2-4-12 | 30 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.(പി 7)432 /12(2)/2-4-12 | 12 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.(പി 7)433/12/2-4-12 | 12 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.(പി 7)1384/10(1)/2-4-12 | 10 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.(പി 7)1384/10(2)/2-4-12 | 10 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.(പി 7)430/12(1)/2-4-12 | 22 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.(പി 7)430/12(2)/2-4-12 | 21 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.(പി 7)2021/12/22-2-13 | 14 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.(പി 7)76/13/ 22-1-13 | 16 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.(പി 7)1796/13/17-2-14 | 19 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.(പി 7)275/14/14-7-14 | 17 |
| 2012-13,13-14 | എൽ.എഫ്.കെ.കെ.ഡി.(പി 7)20/15/9-3-2015 | 16 |
| 2014-15,15-16 | കെ.എസ്.എ-കെ.കെ.ഡി/പി7/486 /2017/24-3-2017 | 25 |
| 2016-17 | നം.കെ.എസ്.എ/കെ.കെ ഡി/പി7/1934/17/26.3.2018 | 12 |
| 2017-18 | നം.കെ.എസ്.എ/കെ.കെ ഡി/പി7/2049/18/19-11-18 | 19 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.കെ.ഡി.പി.11/2026/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയതി:03.03.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്. 4, 1994 ലെ കേരള

പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6)[2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ജോയിന്റ് ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**